**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ന്യൂനപക്ഷ ക്ഷേമം- പാലോളി മുഹമ്മദ് കുട്ടി കമ്മിററി ശുപാർശ - പയ്യന്നൂരിൽ മുസ്ലീം യുവജനതയ്ക്കുള്ള പരിശീലനകേന്ദ്രം ആരംഭിക്കുന്നത് - തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണ (ന്യൂനപക്ഷ സെൽ) വകുപ്പ്**

**സ.ഉ.(കൈ)നം.96/2010/പൊഭവ** **തിരുവനന്തപുരം, തീയതി: 30.3.2010**

പരാമർശം:- 16.8.2008- ലെ സ.ഉ (കൈ) നം.278/2008/പൊഭവ സർക്കാർ ഉത്തരവ്.

## <u>ഉത്തരവ്</u>

സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്മേൽ പാലോളി മുഹമ്മദ് കുട്ടി കമ്മിററി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളനുസരിച്ച് മുസ്ലീം യുവജനതയ്ക്ക് മത്സരപരീക്ഷകൾക്ക് ഹ്രസ്വകാല പരിശീലനം നൽകുന്നതിന് തിരുവനന്തപുരം, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ/കാസർകോഡ് എന്നീ ജില്ലകളിൽ അഞ്ച് പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് മേൽ പരാമർശിച്ചതു പ്രകാരം സർക്കാർ ഉത്തരവായി. അതനുസരിച്ച് ആദ്യ പരിശീലനകേന്ദ്രം കോഴിക്കോട് ജില്ലയിലെ പുതിയറയിൽ പ്രവർത്തനമാരംഭിച്ചു.

2. അഭ്യസ്തവിദ്യരായ മുസ്ലീം യുവജനതയ്ക്ക് യു.പി.എസ്.സി, പി.എസ്.സി, ബാങ്കിംഗ് സർവ്വീസ്, എൻട്രൻസ് തുടങ്ങിയ പരീക്ഷകൾക്കുള്ള ഹ്രസ്വകാല പരിശീലനം നൽകുന്നതിന് കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ ഒരു പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനും, പ്രസ്തുത കേന്ദ്രത്തിലേയ്ക്കാവശ്യമായ താഴെപ്പറയുന്ന തസ്തികകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിലെ തത്തുല്യ തസ്തികകളുടെ അഡീഷൻ ടു കേഡർ ആയി പുതുതായി സൃഷ്ടിച്ചുകൊണ്ടും സർക്കാർ ഉത്തരവാകുന്നു.

| ക്രമ നമ്പർ | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം | ശമ്പള സ്കെയിൽ (രൂപ) |
|---|---|---|---|
| 1 | പ്രിൻസിപ്പൽ (യു.ജി.സി) | 1 | 12,000 - 18,300 |
| 2 | എൽ.ഡി.ക്ലാർക്ക് | 1 | 5250 - 8390 |
| 3 | കമ്പ്യൂട്ടർ ഓപ്പറേററർ | 1 | 6680 - 10,790 |
| 4 | പ്യൂൺ | 1 | 4510 - 6230 |

3. മേൽപ്പറഞ്ഞിട്ടുള്ളതിൽ പ്രിൻസിപ്പൽ തസ്തികയിൽ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിലും, എൽ.ഡി.ക്ലാർക്ക്, കമ്പ്യൂട്ടർ ഓപ്പറേററർ എന്നീ തസ്തികകൾ ഒരുമിച്ച് ചേർത്ത് ഓപ്പൺ മാർക്കററിൽ നിന്ന് കരാറടിസ്ഥാനത്തിലും, പ്യൂൺ തസ്തികയിൽ ഓപ്പൺ മാർക്കററിൽ നിന്ന് കരാറടിസ്ഥാനത്തിലും നിയമനം നടത്തേണ്ടതാണ്.

4. കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ ആരംഭിക്കുന്ന ടി പരിശീലന കേ എ. കുഞ്ഞിരാമൻ അടിയോടി സ്മാരക ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്ക സ്ക്കൂൾ, പയ്യന്നൂരിൽ പ്രവർത്തിക്കുന്നതാണ്.

5. ഇതിലേയ്ക്കാവശ്യമായ ചെലവ് '2225-03-800-93 (നോൺ പ്ലാൻ)' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**യു.കെ.എസ്. ചൗഹാൻ,**
**സെക്രട്ടറി.**

ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, വിവര - പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ, എ. കുഞ്ഞിരാമൻ അടിയോടി സ്മാരക ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂൾ, പയ്യന്നൂർ, കണ്ണൂർ ജില്ല.
ധനകാര്യ വകുപ്പ് 24.2.2010 - ലെ 3838/വെ.വിംഗ്-1/10/ധന പ്രകാരം)
പൊതു വിദ്യാഭ്യാസ വകുപ്പ്. (18.3.2010 ലെ 4934/എസ്.സി3/2010/പൊവിവ പ്രകാരം)
ഉന്നത വിദ്യാഭ്യാസ വകുപ്പ്.
പൊതുഭരണ (എസ്.സി) വകുപ്പ് 25.3.2010- ലെ ഇനം നം.4414 പ്രകാരം)

പകർപ്പ്:- ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**